# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XII
## (SUBJECT COMMITTEE XII)

# ആരോഗ്യവും കുടുംബക്ഷേമവും
# (HEALTH AND FAMILY WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**നാലാമത് റിപ്പോർട്ട്**
**(2019-2020)**

**FOURTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2019-2020)**

2019 മേയ് 28-ാം തീയതി സമർപ്പിച്ചത്
Presented on 28th May, 2019

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2019

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

# ആരോഗ്യവും കുടുംബക്ഷേമവും
# (HEALTH AND FAMILY WELFARE)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

നാലാമത് റിപ്പോർട്ട്

(2019 -2020)

FOURTH REPORT ON THE SCRUTINY OF

DEMANDS FOR GRANTS

2019-2020

354/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XII

## ആരോഗ്യവും കുടുംബക്ഷേമവും
## (2019-2021)

### ഘടന

ചെയർപേഴ്സൺ :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,
ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശുവികസനവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ഗീതാ ഗോപി

ശ്രീ. സി. മമ്മൂട്ടി

ശ്രീമതി യു. പ്രതിഭ

ശ്രീ. കാരാട്ട് റസാഖ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. പി. കെ. ശശി

ശ്രീ. ബി. സത്യൻ

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. എസ്. ശിവകുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

## അവതാരിക

2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

സമിതി, 18-2-2019-ന് യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾപ്പെട്ട വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XVIII — വൈദ്യസഹായവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX — കുടുംബക്ഷേമം

ധനാഭ്യർത്ഥന നമ്പർ XX — ശുദ്ധജല വിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXX — ഭക്ഷ്യം

മേല്പറഞ്ഞ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2019 മാർച്ച് 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. കെ. ശൈലജ ടീച്ചർ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2019 മാർച്ച് 20.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ—XVIII

## വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്യുന്നത് : 67,17,73,32,000 രൂപ

ചാർജ്ജ് ചെയ്യുന്നത്: 17,78,000 രൂപ

## ആരോഗ്യ വകുപ്പ്

2210-06-101-53—പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിനുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം : 5.50 കോടി രൂപ (പ്ലാൻ)

1. പാവപ്പെട്ട രോഗികൾക്ക് ചികിത്സാസഹായം നൽകുന്ന സൊസൈറ്റിയിൽ ഡിസംബർ വരെ ലഭ്യമായ 1508 അപേക്ഷകർക്ക് ധനസഹായം നൽകുവാനുള്ളതിനാൽ വൈദ്യസഹായം നൽകുന്നതിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-85-05-1—മാനസിക ആരോഗ്യകേന്ദ്രം, തിരുവനന്തപുരം-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ (നോൺപ്ലാൻ)

2. തിരുവനന്തപുരം മാനസിക ആരോഗ്യകേന്ദ്രത്തിലെ വെള്ളത്തിന്റെ ചാർജ്ജിനത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 50.25 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-99—ആശുപത്രികളും ഡിസ്പെൻസറികളും

ബഡ്ജറ്റ് വിഹിതം : 06—വാടക, കരം, നികുതി : ഇല്ല (നോൺപ്ലാൻ)

05-2—ഓഫീസ്ചെലവുകൾ-വൈദ്യുതകരം : 50 ലക്ഷം രൂപ (നോൺപ്ലാൻ)

3. വാടക, കരം, നികുതി ഇനത്തിൽ നടപ്പുസാമ്പത്തികവർഷം തുക അനുവദിക്കാത്തതിനാലും ആരോഗ്യ സ്ഥാപനങ്ങളുടെ നികുതിയിനത്തിൽ

കുടിശ്ശിക ഒടുക്കുന്നതിനും വർദ്ധിച്ചുവരുന്ന വൈദ്യുതചാർജ്ജ് ഒടുക്കുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 2210-01-110-99-06 എന്ന ശീർഷകത്തിൽ 22 ലക്ഷം രൂപയും 2210-01-110-99-05-2 എന്ന ശീർഷകത്തിൽ 9 കോടി രൂപയും ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-196-50—റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 99.22 ലക്ഷം രൂപ (നോൺ പ്ലാൻ)

4. റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ് ഇനത്തിൽ ജില്ലാപഞ്ചായത്തുകൾക്കുള്ള ധനസഹായമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-103-91—പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള സഞ്ചരിക്കുന്ന വൈദ്യസഹായ ഘടകം

ബഡ്ജറ്റ് വിഹിതം :

| | |
|---|---|
| -04-1—യാത്രാബത്ത | : 1,000 രൂപ (നോൺപ്ലാൻ) |
| -05-4—മറ്റിനങ്ങൾ | : 1,000 രൂപ (നോൺപ്ലാൻ) |
| -05-3—ടെലിഫോൺ ചാർജ്ജ് | : 1,000 രൂപ (നോൺപ്ലാൻ) |
| -21-2—മോട്ടോർവാഹനങ്ങൾ അറ്റകുറ്റപ്പണി | : 1,000 രൂപ (നോൺപ്ലാൻ) |
| -45—ഇന്ധനം | : 1,000 രൂപ (നോൺപ്ലാൻ) |

5. വയനാട് ജില്ലയ്ക്ക് മാത്രമായി വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 2019-2020 സാമ്പത്തികവർഷത്തിൽ മലപ്പുറം ജില്ലകൂടി ഉൾപ്പെടുന്നതിനാൽ വയനാട്, മലപ്പുറം ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള സഞ്ചരിക്കുന്ന വൈദ്യസഹായ ഘടകത്തിന്റെ ടെലിഫോൺ ചാർജ്ജ്, യാത്രാബത്ത, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണി, ഇന്ധനം, മറ്റിനങ്ങൾ എന്നിവയ്ക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-103-91-04-1 : 4.6 ലക്ഷം രൂപ

2210-03-103-91-05-4 : 50,000 രൂപ

2210-03-103-91-05-3 : 40,000 രൂപ

2210-03-103-91-21-2 : 1.3 ലക്ഷം രൂപ

2210-03-103-91-45 : 10.10 ലക്ഷം രൂപ

2210-03-110-99—ആശുപത്രികളും ഡിസ്പെൻസറികളും ജനറൽ/ജില്ല/താലൂക്ക് ആശുപത്രികൾ ഒഴികെ

ബഡ്ജറ്റ് വിഹിതം:

34-2—മറ്റ് ചെലവുകൾ-വൈദ്യുതി ചെലവ് : 10,000 രൂപ (നോൺപ്ലാൻ)

06—വാടക, കരം, നികുതി : 10,000 രൂപ (നോൺപ്ലാൻ)

24—സാധനസാമഗ്രികൾ : 1.452 കോടി രൂപ (നോൺപ്ലാൻ)

6. വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതി ചെലവുകൾക്കും വാടക, കരം, നികുതി എന്നിവ ഒടുക്കുന്നതിനും സാധന സാമഗ്രികൾക്കും നടപ്പ് സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-110-99-34-2 : 42.89 ലക്ഷം രൂപ

2210-03-110-99-06 : 51,000 രൂപ

2210-03-110-99-24 : 58.63 ലക്ഷം രൂപ

2210-05-105-74-12—ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നേഴ്സുമാരുടെയും പരിശീലനം-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ബഡ്ജറ്റ് വിഹിതം : 1.05 കോടി രൂപ (നോൺപ്ലാൻ)

7. ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നേഴ്സുമാരുടെയും പരിശീലനത്തിന് സ്കോളർഷിപ്പും സ്റ്റൈപ്പന്റും ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 22 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-003-94—കൊല്ലത്തുള്ള ശാസ്താംകോട്ടയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു വേണ്ടി ഒരു നേഴ്സിംഗ് സ്കൂൾ

ബഡ്ജറ്റ് വിഹിതം :

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് : 10,000 രൂപ (നോൺപ്ലാൻ)

05-2—വൈദ്യുതചെലവ് : 55,000 രൂപ (നോൺപ്ലാൻ)

8. കൊല്ലം ശാസ്താംകോട്ടയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കൂൾ ഓഫ് നേഴ്സിംഗിൽ വർദ്ധിച്ചുവരുന്ന വൈദ്യുത ചെലവുകൾക്കും മെഡിക്കൽ റീഇംബേഴ്സ്മെന്റിനും നടപ്പ് സാമ്പത്തിവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 2210-06-003-94-01-4 എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും 2210-06-003-94-05-2 എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-003-97—വിവിധോദ്ദേശ ജോലിക്കാരുടെ പരിശീലനം

ബഡ്ജറ്റ് വിഹിതം :

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് : 25.2 ലക്ഷം രൂപ (നോൺപ്ലാൻ)

05-1—വെള്ളക്കരം : 1.15 ലക്ഷം രൂപ (നോൺപ്ലാൻ)

9. വെള്ളക്കരം, വിവിധോദ്ദേശ ജോലിക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനങ്ങളിൽ കഴിഞ്ഞ വർഷത്തെ ബില്ലുകൾ മാറുന്നതിന് നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 2210-06-003-97-01-4 ശീർഷകത്തിൽ 3 ലക്ഷം രൂപയും 2210-06-003-97-05-1 ശീർഷകത്തിൽ 9 ലക്ഷം രൂപയും ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-97-05-3—മന്തുരോഗ നിവാരണം-ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 16,000 രൂപ (നോൺപ്ലാൻ)

10. ടെലിഫോൺ ചാർജ്ജിനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിന് നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10,000 രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-98-(04-1)—മലമ്പനി നിർമ്മാർജ്ജനം-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 2.1 ലക്ഷം രൂപ (നോൺപ്ലാൻ)

11. മലമ്പനി നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥരുടെ യാത്രാബത്ത ഇനത്തിൽ മുൻ വർഷത്തെ പെൻഡിംഗ് ബില്ലുകൾ നൽകുവാനുള്ളതിനാൽ നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-99-05-2—പൊതുജനാരോഗ്യ പരീക്ഷണശാലകൾ-വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 16.5 ലക്ഷം രൂപ (നോൺപ്ലാൻ)

12. എല്ലാ പൊതുജനാരോഗ്യ പരീക്ഷണശാലകളിലെയും വൈദ്യുതി ചെലവിനത്തിലുള്ള കുടിശ്ശിക തീർക്കുവാൻ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഭക്ഷ്യസുരക്ഷാ വകുപ്പ്

2210-06-102-99-05-4—ആഹാരത്തിൽ മായം ചേർക്കുന്നത് തടയൽ-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 40 ലക്ഷം രൂപ (പ്ലാൻ)

13. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട 14 ജില്ലാ ഓഫീസുകളും 140 സർക്കിൾ ഓഫീസുകളും ലൈസൻസിംഗ്/രജിസ്ട്രേഷൻ ജോലികളുമായി ബന്ധപ്പെട്ട് ആധുനിക സൗകര്യങ്ങളോടുകൂടി പ്രവർത്തനക്ഷമമാക്കുന്നതിനും ജില്ലാ ഓഫീസുകളിലും 3 മൊബൈൽ വിജിലൻസ് സ്ക്വാഡുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം അടിയന്തരമായി ഏർപ്പെടുത്തുന്നതിനും കൂടാതെ പരിശോധനാസാമ്പിളുകൾക്കുള്ള ഫീസ് നൽകുന്നതിനും നടപ്പുസാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99—ആഹാരത്തിൽ മായം ചേർക്കുന്നത് തടയൽ-ഭക്ഷ്യകാര്യ ഭരണം

ബഡ്ജറ്റ് വിഹിതം :

-05-2—വൈദ്യുത ചെലവ് : 4.73 ലക്ഷം രൂപ (നോൺ പ്ലാൻ)

-06—വാടക, കരം, നികുതി : 10 ലക്ഷം രൂപ (നോൺ പ്ലാൻ)

14. ഭക്ഷ്യസുരക്ഷാവകുപ്പിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫുഡ് ആന്റ് സേഫ്റ്റി സർക്കിൾ ഓഫീസുകൾ അനുവദിച്ചതിനാൽ വൈദ്യുതി ഉപഭോഗം കൂടിയ സാഹചര്യത്തിലും, ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ വാടക നൽകുന്നതിലേക്കും നടപ്പുസാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-06-102-99-05-2 എന്ന ശീർഷകത്തിൽ 12.27 ലക്ഷം രൂപയും 2210-06-102-99-06 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99-04-1—ആഹാരത്തിൽ മായം ചേർക്കുന്നത് തടയൽ-ഭക്ഷ്യകാര്യഭരണം-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 22.05 ലക്ഷം രൂപ (നോൺ പ്ലാൻ)

15. ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, സംസ്ഥാനതല ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്കും ശബരിമല മണ്ഡല മകരവിളക്ക് കാലയളവിൽ പമ്പ, എരുമേലി, സന്നിധാനം എന്നിവിടങ്ങളിൽ ജോലിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥർ, കേസുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ ഡ്യൂട്ടിക്ക് ഹാജരാകേണ്ട ഉദ്യോഗസ്ഥർ എന്നിവർക്കും നൽകേണ്ട യാത്രാബത്ത ഇനത്തിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 27.95 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99-97—ആഹാരത്തിൽ മായം ചേർക്കുന്നത് തടയൽ-വാഹന വാടക

ബഡ്ജറ്റ് വിഹിതം : 35 ലക്ഷം രൂപ (പ്ലാൻ)

16. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഇടപെടൽ അത്യാവശ്യമായിവരുന്ന ഭക്ഷ്യോല്പാദന സംഭരണവിതരണ സ്ഥാപനങ്ങൾ, ഭക്ഷ്യശാലകൾ, ചെക്ക്പോസ്റ്റുകൾ എന്നിവയുടെ പരിശോധനയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കും തീർത്ഥാടനകേന്ദ്രങ്ങളിലെ

പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും വാഹനങ്ങൾ അത്യന്താപേക്ഷിതമാണ്. നടപ്പുസാമ്പത്തികവർഷം വാഹനവാടകയിനത്തിൽ അനുവദിച്ച തുക അപര്യാപ്തമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-98—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി

ബഡ്ജറ്റ് വിഹിതം :

05-2—വൈദ്യുത ചെലവ് : 15.4 ലക്ഷം രൂപ (നോൺ പ്ലാൻ)

06—വാടക, കരം, നികുതി : 66,000 രൂപ (നോൺ പ്ലാൻ)

17. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള മൂന്ന് മേഖലാ ലാബുകളിലും എൻ.എ.ബി.എൽ. അക്രഡിറ്റേഷന്റെ ഭാഗമായി അതിനൂതന ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ വൈദ്യുതി ഉപഭോഗം പതിൻമടങ്ങ് വർദ്ധിക്കുന്ന സാഹചര്യത്തിലും പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകയിനത്തിലെ ചെലവുകൾക്കും ഈയിനത്തിലെ കുടിശ്ശിക ഒടുക്കുന്നതിനും നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 2210-06-107-98-05-2 എന്ന ശീർഷകത്തിൽ 9.6 ലക്ഷം രൂപയും 2210-06-107-98-06 എന്ന ശീർഷകത്തിൽ 1.34 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നാഷണൽ ഹെൽത്ത് മിഷൻ

2210-06-101-19—ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രാവിഷ്കൃതം 60:40)

ബഡ്ജറ്റ് വിഹിതം : 537.50 കോടി രൂപ (പ്ലാൻ)

18. 2019-2020 സാമ്പത്തികവർഷം 773.82 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. നിലവിൽ 537.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 236.32 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-112-98—ആശാവർക്കർമാർക്കുള്ള അലവൻസ്

ബഡ്ജറ്റ് വിഹിതം : 65 കോടി രൂപ (നോൺ പ്ലാൻ)

19. ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ച പ്രകാരം ആശാവർക്കർമാർക്ക് പ്രതിമാസം 4,500 രൂപ നിരക്കിൽ ഓണറേറിയം നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 75.21 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

2210-80-190-99-36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 360 കോടി രൂപ (നോൺ പ്ലാൻ)

20. സ്പെഷ്യാലിറ്റി മരുന്നുകളും ആന്റി കാൻസർ മരുന്നുകളും വാങ്ങിയ ചെലവിനത്തിലും മരുന്ന് വില 10% വർദ്ധിച്ച സാഹചര്യത്തിൽ സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള അളവിൽ യഥാസമയം ജീവൻ രക്ഷാമരുന്നുകൾ സംഭരിച്ച് നൽകുന്നതിനുള്ള ചെലവുകൾക്കുമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. അടിയന്തര പ്രാധാന്യമുള്ള വിഷയമായതിനാൽ, കോർപ്പറേഷന് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 240 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

2210-05-001-93—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

21. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിന് നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 4.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-93(31)—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ-ശമ്പളം

ബഡ്ജറ്റ് വിഹിതം : 2.20 കോടി രൂപ (നോൺ പ്ലാൻ)

22. മെഡിക്കൽ സർവ്വകലാശാലയിലെ ശമ്പള ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണ്. കഴിഞ്ഞ സാമ്പത്തികവർഷം സർവ്വകലാശാലയുടെ സ്വന്തം ഫണ്ടിൽ നിന്നാണ് അധിക തുക കണ്ടെത്തിയത്. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 8.26 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## റീജിയണൽ ക്യാൻസർ സെന്റർ

2210-05-105-52—പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം-സഹായധനം

31—ശമ്പളം

ബഡ്ജറ്റ് വിഹിതം : 40.2608 കോടി രൂപ (നോൺ പ്ലാൻ)

36—ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 22.4818 കോടി രൂപ (നോൺ പ്ലാൻ)

23. ആർ.സി.സി.യിലെ ജീവനക്കാർക്ക് കേന്ദ്ര സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും ശമ്പളേതര ചെലവുകൾക്കും വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 2210-05-105-52-31 എന്ന ശീർഷകത്തിൽ 33.14 കോടി രൂപയും ആർ.സി.സി. നടപ്പിലാക്കിയ പെൻഷൻ പദ്ധതിയുടെ തൊഴിലുടമ വിഹിതമായി പെൻഷൻ കോർപ്പസ് ഫണ്ടിൽ അടയ്ക്കുന്നതിനായി 2210-05-105-52-36 എന്ന ശീർഷകത്തിൽ 5.37 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മലബാർ ക്യാൻസർ സെന്റർ

2210-05-200-96—മലബാർ ക്യാൻസർ സെന്ററിനു സഹായം

31—സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 6.4415 കോടി രൂപ (നോൺ പ്ലാൻ)

2210-05-200-96-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 25 കോടി രൂപ (പ്ലാൻ)

2210-05-200-96-36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

5.5563 കോടി രൂപ (നോൺ പ്ലാൻ)

24. മലബാർ ക്യാൻസർ സെന്റർ നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളുടെ പൂർത്തീകരണത്തിനായും മറ്റു ചെലവുകൾക്കും നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 46.50 കോടി രൂപ പദ്ധതിയിനത്തിലും 2.3996 കോടി രൂപ പദ്ധതിയേതര ഇനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

2210-06-104-98—മരുന്നു പരിശോധനശാല

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

| | |
|---|---|
| 01-1—ശമ്പളം | : 9.6687 കോടി രൂപ |
| 01-2—ക്ഷാമബത്ത | : 2.4336 കോടി രൂപ |
| 01-3—വീട്ടുവാടക | : 56.79 ലക്ഷം രൂപ |
| 02-4—കൺസോളിഡേറ്റഡ് പേ | : 76,000 രൂപ |
| 02-5—ദിവസവേതനം | : 2 ലക്ഷം രൂപ |
| 05-2—വൈദ്യുതിചെലവ് | : 16.50 ലക്ഷം രൂപ |
| 05-1—വെള്ളക്കരം | : 13,000 രൂപ |

25. പുതിയതായി ആരംഭിക്കുന്ന തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്ക് അനുവദിച്ച തസ്തികകളിലേക്കുള്ള ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക, കൺസോളിഡേറ്റഡ് പേ, ദിവസവേതനം എന്നിവയ്ക്കും വൈദ്യുതിചാർജ്, വെള്ളക്കരം എന്നീ ഇനങ്ങളിലേയ്ക്കും നടപ്പുസാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ താഴെ കാണിച്ചിരിക്കുന്ന പ്രകാരമുള്ള തുകകൾ മേൽ പറഞ്ഞ ശീർഷകങ്ങളിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 2210-06-104-98-01-1—ശമ്പളം | : 1.089 കോടി രൂപ |
| 2210-06-104-98-01-2—ക്ഷാമബത്ത | : 16.33 ലക്ഷം രൂപ |
| 2210-06-104-98-01-3—വീട്ടുവാടക | : 3.03 ലക്ഷം രൂപ |
| 2210-06-104-98-02-4—കൺസോളിഡേറ്റഡ് പേ | : 5.05 ലക്ഷം രൂപ |
| 2210-06-104-98-02-5—ദിവസവേതനം | : 3.36 ലക്ഷം രൂപ |
| 2210-06-104-98-05-2—വൈദ്യുതിചെലവ് | : 7 ലക്ഷം രൂപ |
| 2210-06-104-98-05-1—വെള്ളക്കരം | : 50,000 രൂപ |

2210-06-104-99-21-01—ഔഷധ നിയന്ത്രണ കാര്യാലയം-മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

ബഡ്ജറ്റ് വിഹിതം : ഇല്ല

26. എറണാകുളം അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലേക്ക് പുതിയ ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി നടപ്പുസാമ്പത്തികവർഷം തുകയൊന്നും അനുവദിക്കാത്തതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

2210-01-200-93-31—സഹായധനം-ശമ്പളം (നോൺ പ്ലാൻ)

36—സഹായധനം-ശമ്പളേതരം (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 79.41 ലക്ഷം രൂപ

27. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിലെ ജൂനിയർ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം നൽകുന്നതിന് അധിക തുക ആവശ്യമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ മേൽപ്പറഞ്ഞ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഐക്കോൺസ്

## സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസോർഡേഴ്സ് (എസ്.ആർ.സി.സി.ഡി.)

2210-05-105-36—ജ്ഞാന ഗോചര ആശയവിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം : 2.4724 കോടി രൂപ (നോൺ പ്ലാൻ)

28. ഐക്കോൺസിൽ വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ-പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പുനരധിവാസത്തിനായി വിവിധ തെറാപ്പികളിൽ യോഗ്യതയുള്ളവരുടെയും ചികിത്സയ്ക്കായി ഡോക്ടർമാരുടെയും പഠനത്തിനായി സ്പെഷ്യൽ അദ്ധ്യാപകരുടെയും സേവനങ്ങൾക്കായുള്ള മാനവശേഷി സമാഹരണത്തിന്റെ ചെലവിനായി നടപ്പുസാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 3.1276 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഇംഹാൻസ്

## (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസ്)

2210-05-200-95—മാനസിക ആരോഗ്യം, നാഡീവ്യൂഹം സംബന്ധിച്ച ശാസ്ത്രം തുടങ്ങിയവയുള്ള പഠനകേന്ദ്രം

ബഡ്ജറ്റ് വിഹിതം : 41.22 ലക്ഷം രൂപ (നോൺ പ്ലാൻ)
10 ലക്ഷം രൂപ (പ്ലാൻ)

29. ഇംഹാൻസ് ജീവനക്കാരുടെ ശമ്പള ചെലവിനത്തിനും ന്യൂറോസയൻസ് ലാബിന്റെ പ്രവർത്തനത്തിന് സാങ്കേതിക വിദഗ്ധരുടെ നിയമനത്തിനുമായി നടപ്പു സാമ്പത്തികവർഷം ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 2.0981 കോടി രൂപയും പദ്ധതി ഇനത്തിൽ 29.44 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആയുഷ് വകുപ്പ്

### ഭാരതീയ ചികിത്സാ വകുപ്പ്

2210-02-001-99-05-2—ആയുർവേദം ഭാരതീയ ചികിത്സാ രീതി ഡയറക്ടറുടെ കാര്യാലയം-ഓഫീസ് ചെലവുകൾ-വൈദ്യുത ചെലവ്

ബഡ്ജറ്റ് വിഹിതം : 4.62 ലക്ഷം രൂപ (നോൺ പ്ലാൻ)

30. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ വൈദ്യുത ചെലവിനത്തിനായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-001-98-45—ആയുർവേദം ജില്ലാ മെഡിക്കൽ ഓഫീസ്-ഇന്ധനച്ചെലവ്

ബഡ്ജറ്റ് വിഹിതം : 1.38 ലക്ഷം രൂപ (നോൺ പ്ലാൻ)

31. ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസിന് ഇന്ധനച്ചെലവിനത്തിൽ നടപ്പ് സാമ്പത്തികവർഷം അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-97-04-1—മറ്റാശുപത്രികളും ഡിസ്പെൻസറികളും-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം ; 4.41 ലക്ഷം രൂപ (നോൺ പ്ലാൻ)

32. ആയുർവേദ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യാത്രാബത്തയുടെ ചെലവിനത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### റവന്യൂ ചെലവുകളിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

2210-02-191-50-24—കോർപ്പറേഷനുകൾക്കുള്ള ധനസഹായം-സാധനസാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-02-192-50-24—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം-സാധനസാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 45.26 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-02-196-50-24—ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം- സാധനസാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 67.20 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-02-197-50-24—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം - സാധനസാമഗ്രികൾ .

ബഡ്ജറ്റ് വിഹിതം : 6.82 ലക്ഷം രൂപ (നോൺ പ്ലാൻ)

33. കോർപ്പറേഷൻ-മുനിസിപ്പാലിറ്റി-ജില്ലാ പഞ്ചായത്ത്-ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലായി പതിനാല് ജില്ലകളിലെ ആയുർവ്വേദ സ്ഥാപനങ്ങളിലെയും ആശുപത്രികളിലെയും രോഗികൾക്ക് ഒരു രോഗിക്ക് 75 രൂപ നിരക്കിൽ ആഹാരച്ചെലവിനും ഭക്ഷണം, കഷായം എന്നിവ പാചകം ചെയ്യുന്നതിനുള്ള ഇന്ധന ചെലവിനും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ താഴെ കാണിച്ചിരിക്കുന്ന പ്രകാരമുള്ള തുകകൾ മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-191-50-24—കോർപ്പറേഷനുകൾക്കുള്ള ധനസഹായം-സാധനസാമഗ്രികൾ
: 5 ലക്ഷം രൂപ

2210-02-192-50-24—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം-സാധനസാമഗ്രികൾ .
: 70 ലക്ഷം രൂപ

2210-02-196-50-24—ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം-സാധനസാമഗ്രികൾ
: 40 ലക്ഷം രൂപ

2210-02-197-50-24—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം-സാധനസാമഗ്രികൾ
: 12.40 ലക്ഷം രൂപ

## ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

4210-03-101-79—പുതിയ ഗവൺമെന്റ് ആയുർവേദ കോളേജ്

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

34. ഇടുക്കി ജില്ലയിൽ പുതിയ ആയുർവേദ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി അനുവദിച്ച സർക്കാർ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുവെങ്കിലും

നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തത് പ്രസ്തുത പദ്ധതിയുടെ തുടർനടത്തിപ്പിനെ ബാധിക്കുമെന്നതിനാൽ <u>ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-05-101-49—<u>പുതിയ ഗവൺമെന്റ് ആയുർവേദ കോളേജ്</u>

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

35. ഇടുക്കിയിലെ പുതിയ ആയുർവേദ മെഡിക്കൽ കോളേജിന്റെ തുടർ പ്രവർത്തനത്തിന് നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ <u>ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-02-101-99—<u>കോളേജ് ആശുപത്രികളും പ്രസവ വാർഡും തിരുവനന്തപുരം</u>

ബഡ്ജറ്റ് വിഹിതം : നോൺപ്ലാൻ

| | |
|---|---|
| 02-4—<u>വേതനം-കൺസോളിഡേറ്റഡ് പേ</u> | : 66.27 ലക്ഷം രൂപ |
| 02-5—<u>വേതനം-ദിവസവേതനം</u> | : 55.38 ലക്ഷം രൂപ |
| 05-1—<u>ഓഫീസ് ചെലവുകൾ-വെള്ളക്കരം</u> | : 9 ലക്ഷം രൂപ |
| 05-4—<u>ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ</u> | : 1 ലക്ഷം രൂപ |
| 34-3—<u>മറ്റു ചെലവുകൾ-മറ്റിനം</u> | : 7.39 ലക്ഷം രൂപ |
| 45—<u>ഇന്ധന ചെലവ്</u> | : 56,000 രൂപ |

36. തിരുവനന്തപുരം ആയുർവേദ കോളേജ് ആശുപത്രിയിലും പ്രസവവാർഡിലും കരാർ അടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിനുള്ള തുകയും, വെള്ളക്കരം, ഇന്ധനചെലവ് മുതലായ ദൈനംദിന ചെലവുകൾക്ക് അനുവദിച്ച തുകയും അപര്യാപ്തമായതിനാൽ

ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-99-02-4—വേതനം-കൺസോളിഡേറ്റഡ് പേ : 3.03 ലക്ഷം രൂപ

2210-02-101-99-02-5—വേതനം-ദിവസവേതനം : 2.07 ലക്ഷം രൂപ

2210-02-101-99-05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം : 12 ലക്ഷം രൂപ

2210-02-101-99-05-4—ഓഫീസ് ചെലവുകൾ-മറ്റിനം : 1 ലക്ഷം രൂപ

2210-02-101-99-34-03—മറ്റു ചെലവുകൾ-മറ്റിനം : 3 ലക്ഷം രൂപ

2210-02-101-99-45—ഇന്ധന ചെലവ് : 1.3 ലക്ഷം രൂപ

2210-05-101-95—ആയുർവേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : (നോൺപ്ലാൻ)

02-3—വേതനം-മറ്റ് അലവൻസുകൾ : ഇല്ല

04-4—യാത്രാ ചെലവുകൾ-അവധി യാത്രാ ആനുകൂല്യം : 75,000 രൂപ

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം : 5.5 ലക്ഷം രൂപ

12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും : 8 കോടി രൂപ

37. തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിലെ വെള്ളക്കരം, ജീവനക്കാരുടെ അവധിയാത്രാ ആനുകൂല്യം, പാർട്ട് ടൈം ജീവനക്കാർക്കുള്ള സി.സി.എ., വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് തുടങ്ങിയ ആവശ്യങ്ങൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-95-02-3—വേതനം-മറ്റ് അലവൻസുകൾ : 6,000 രൂപ

2210-05-101-95-04-4—യാത്രാ ചെലവുകൾ-അവധിയാത്രാനുകൂല്യം : 7 ലക്ഷം രൂപ

2210-05-101-95-05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം : 6 ലക്ഷം രൂപ

2210-05-101-95-12—സ്റ്റോളർഷിപ്പും സ്റ്റൈപ്പന്റും : 2 കോടി രൂപ

2210-05-101-93-05-1—ആയുർവേദ പ്രാദേശിക ഗവേഷണ കേന്ദ്രം-ഓഫീസ് ചെലവുകൾ-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 54,000 രൂപ (നോൺ പ്ലാൻ)

38. തിരുവനന്തപുരത്തുള്ള ആയുർവേദ പ്രാദേശിക ഗവേഷണ കേന്ദ്രത്തിന് 1.5 ലക്ഷം രൂപ വെള്ളക്കര കുടിശ്ശികയുള്ളതിനാൽ നടപ്പ് സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-85—പഞ്ചകർമ്മ ആശുപത്രിയുടെ വികസനം

ബഡ്ജറ്റ് വിഹിതം : 05-1—വെള്ളക്കരം - 1.1 ലക്ഷം രൂപ (നോൺപ്ലാൻ)

05-3—ടെലിഫോൺ ചെലവ് - 48,000 രൂപ (നോൺ പ്ലാൻ)

39. തിരുവനന്തപുരം പഞ്ചകർമ്മ ആശുപത്രിയിലെ വെള്ളക്കരത്തിനും, ടെലിഫോൺ ചാർജിനത്തിനുള്ള ചെലവുകൾക്കും മുൻ വർഷങ്ങളിലെ കുടിശ്ശിക ഒടുക്കുന്നതിനും നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 2210-02-101-85-05-1 എന്ന ശീർഷകത്തിൽ 9 ലക്ഷം രൂപയും 2210-02-101-85-05-3 എന്ന ശീർഷകത്തിൽ 10,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-96—ആയുർവേദ ഫാർമസി

ബഡ്ജറ്റ് വിഹിതം : 05-1—വെള്ളക്കരം - 54,000 രൂപ (നോൺ പ്ലാൻ)

24—സാധനസാമഗ്രികൾ - 93 ലക്ഷം രൂപ (നോൺപ്ലാൻ)

40. തിരുവനന്തപുരം ആയുർവേദ ഫാർമസിയുടെ 1.5 ലക്ഷം രൂപ വെള്ളക്കര കുടിശ്ശിക തീർക്കുന്നതിനും സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള ചെലവുകൾക്കുമായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ

ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 2210-02-101-96-05-1 എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും 2210-02-101-96-24 എന്ന ശീർഷകത്തിൽ 7 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-94-05-1—ഔഷധസസ്യ പഠനകേന്ദ്രം-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 25,000 രൂപ (നോൺ പ്ലാൻ)

41. തിരുവനന്തപുരത്തെ ഔഷധസസ്യ പഠനകേന്ദ്രത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ 1.5 ലക്ഷം രൂപ വെള്ളക്കര കുടിശ്ശികയുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-78—ആയുർവ്വേദ കോളേജ് ആശുപത്രി, കണ്ണൂർ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

02-5—വേതനം-ദിവസവേതനം : ഇല്ല

04-1 —യാത്രാ ചെലവുകൾ-യാത്രാബത്ത : 32,000 രൂപ

42. കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയിൽ സാനിറ്റേഷൻ വർക്കർ, ലാബ് ടെക്നീഷ്യൻ തുടങ്ങിയ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിനും സർക്കാർ യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ, ഇന്റേണൽ ഓഡിറ്റിന് നിയോഗിക്കപ്പെടുന്ന ജീവനക്കാർ തുടങ്ങിയവർക്ക് യാത്രാബത്ത അനുവദിക്കുന്നതിനും നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 2210-02-101-78-02-5—ദിവസവേതനം എന്ന ശീർഷകത്തിൽ 9.15 ലക്ഷം രൂപയും 2210-02-101-78-04-1—യാത്രാബത്ത എന്ന ശീർഷകത്തിൽ 28,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-79—ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-101-79-02-1—ശമ്പളം : 4.56 ലക്ഷം രൂപ

2210-05-101-79-02-4—കൺസോളിഡേറ്റഡ് പേ : 66.62 ലക്ഷം രൂപ

2210-05-101-79-02-5—ദിവസവേതനം : 4.16 ലക്ഷം രൂപ

2210-05-101-79-04-1—<u>യാത്രാബത്ത</u> : 73,000 രൂപ

2210-05-101-79-06—<u>വാടക കരം, നികുതി</u> : 17,000 രൂപ

2210-05-101-79-45—<u>ഇന്ധന ചെലവ്</u> : 68,000 രൂപ

43. കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിലെ പാർട്ട്-ടൈം ജീവനക്കാർക്കുള്ള ശമ്പളം, കരാർ-ദിവസവേതന ജീവനക്കാരുടെ വേതനം, ജീവനക്കാരുടെ യാത്രാബത്ത, കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള വൈദ്യുത ചെലവുകൾ, ജനറേറ്ററുകളുടെയും മോട്ടോർ വാഹനങ്ങളുടെയും ഇന്ധനച്ചെലവ്, വാടക തുടങ്ങിയവയ്ക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-05-101-79-02-1—<u>ശമ്പളം</u> : 1 ലക്ഷം രൂപ

2210-05-101-79-02-4—<u>കൺസോളിഡേറ്റഡ് പേ</u> : 13.38 ലക്ഷം രൂപ

2210-05-101-79-02-5—<u>ദിവസവേതനം</u> : 4.5 ലക്ഷം രൂപ

2210-05-101-79-04-1—<u>യാത്രാബത്ത</u> : 2.27 ലക്ഷം രൂപ

2210-05-101-79-06—<u>വാടക കരം, നികുതി</u> : 83,000 രൂപ

2210-05-101-79-45—<u>പി.ഓ.എൽ.</u> : 52,000 രൂപ

2210-02-101-98—<u>ഗവ. ആയുർവേദ കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ</u>

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

-02—<u>ശമ്പളം</u> : 94.27 ലക്ഷം രൂപ (നോൺപ്ലാൻ)

-04-1—<u>യാത്രാബത്ത</u> : 22,000 രൂപ (നോൺപ്ലാൻ)

-34-1—<u>വെള്ളക്കരം</u> : 2.42 ലക്ഷം രൂപ (നോൺപ്ലാൻ)

44. തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രിയിൽ കോൺട്രാക്റ്റ്/ദിവസവേതനം ജീവനക്കാർക്ക് മുൻവർഷങ്ങളിൽ നൽകിയ വേതനം റെഗുലറൈസ് ചെയ്യുന്നതിനും ആശുപത്രിയിൽ പുതിയ ഹൈപ്രഷർ നോൺ ഡൊമസ്റ്റിക് വാട്ടർ

കണക്ഷൻ എടുക്കുന്നതിനായി എച്ച്.ഡി.എസ്. അക്കൗണ്ടിൽ നിന്നും ചെലവഴിച്ച തുക എച്ച്.ഡി.എസ്. അക്കൗണ്ടിലേക്ക് റീഇംബേഴ്സ് ചെയ്യുന്നതിനും ഓഫീസിലെ കബഡി ടീം അംഗം ദേശീയ മത്സരങ്ങൾക്കായി യാത്ര ചെയ്തതിന്റെ ടി.എ. ബില്ലുകൾ മാറി നൽകുന്നതിനും മറ്റ് ജീവനക്കാരുടെ യാത്രാ ചെലവുകൾ വഹിക്കുന്നതിനും നടപ്പ് സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 2210-02-101-98-02 എന്ന ശീർഷകത്തിൽ 30.26 ലക്ഷം രൂപയും, 2210-02-101-98-04-1 എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും 2210-02-101-98-34(1) എന്ന ശീർഷകത്തിൽ 9.27 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-96—ആയുർവേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-101-96-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും : 3.3 കോടി രൂപ

2210-05-101-96-45—പി.ഓ.എൽ. : 36,000 രൂപ

45. തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവദ കോളേജ് വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും മുതലായവയും വാഹനങ്ങളുടെ ഇന്ധനചെലവിനും നടപ്പ സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 2210-05-101-96-12—സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും എന്ന ശീർഷകത്തിൽ 5.6 കോടി രൂപയും 2210-05-101-96-45—പി.ഓ.എൽ. എന്ന ശീർഷകത്തിൽ 30,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഹോമിയോപ്പതി വകുപ്പ്

## ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

4210-03-102-97-01—ഹോമിയോപ്പതി നഴ്സിംഗ്/ഫാർമസി കോളേജ് ശക്തിപ്പെടുത്തൽ-മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

46. ഹോമിയോപ്പതി ഫാർമസി കോളേജ് നിർമ്മാണത്തിനായി നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 1.75 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-102-98—ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രി, കോളേജ് ഹോസ്റ്റൽ, കോഴിക്കോട്, സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 1.85 കോടി രൂപ (പ്ലാൻ)

47. കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജിന് ആശുപത്രി ഓഫീസ് കെട്ടിടത്തിന്റെ മൂന്നാം നിലയിൽ സെമിനാർ ഹാൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-102-98—ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

| | |
|---|---|
| -01-5—മറ്റ് അലവൻസുകൾ | : 3.74 ലക്ഷം രൂപ (നോൺ പ്ലാൻ) |
| -04-2—സ്ഥലംമാറ്റബത്ത | : 5,000 രൂപ (നോൺ പ്ലാൻ) |
| -05-2—വൈദ്യുതചെലവ് | : 7.5 ലക്ഷം രൂപ (നോൺ പ്ലാൻ) |

48. ഗവ. ഹോമിയോപ്പതി മെഡിക്കൽ കോളേജ് ആശുപത്രിയിലെ അലവൻസുകൾ, സ്ഥലമാറ്റബത്ത, വൈദ്യുതചെലവ് എന്നിവയ്ക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ താഴെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 2210-02-102-98-01-5 | : 1 ലക്ഷം രൂപ |
| 2210-02-102-98-04-2 | : 37,000 രൂപ |
| 2210-02-102-98-05-2 | : 3 ലക്ഷം രൂപ |

2210-05-102-98—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട്

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

| | |
|---|---|
| 2210-05-102-98-02-1—വേതനം-ശമ്പളം | : 1.59 ലക്ഷം രൂപ |
| 2210-05-102-98-02-2—ക്ഷാമബത്ത | : 40,000 രൂപ |
| 2210-05-102-98-02-3—മറ്റ് ആനുകൂല്യങ്ങൾ | : 1,000 രൂപ |

2210-05-102-98-02-5—<u>ദിവസവേതനം</u> : 11.25 ലക്ഷം രൂപ

2210-05-102-98-12—<u>സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u> : 1.65 കോടി രൂപ

2210-05-102-98-34-1—<u>വെള്ളക്കരം</u> : 1.57 ലക്ഷം രൂപ

49. കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ പി.ജി. വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ്, പാർട്ട്-ടൈംദിവസവേതന ജീവനക്കാരുടെ വേതനം, ക്ഷാമബത്ത, മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിയവ നൽകുന്നതിനും വെള്ളക്കരം നൽകുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ <u>ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-05-102-98-02-1—<u>വേതനം</u> : 1.1 ലക്ഷം രൂപ

2210-05-102-98-02-2—<u>ക്ഷാമബത്ത</u> : 23,000 രൂപ

2210-05-102-98-02-3—<u>മറ്റ് ആനുകൂല്യങ്ങൾ</u> : 9,000 രൂപ

2210-05-102-98-02-5—<u>ദിവസവേതനം</u> : 15.50 ലക്ഷം രൂപ

2210-05-102-98-12—<u>സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u> : 30 ലക്ഷം രൂപ

2210-05-102-98-34-1—<u>വെള്ളക്കരം</u> : 1.85 ലക്ഷം രൂപ

2210-02-102-97—<u>ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട്</u>

ബഡ്ജറ്റ് വിഹിതം : 02-5—<u>ദിവസവേതനം</u> : 4.25 ലക്ഷം രൂപ (നോൺ പ്ലാൻ)

12—<u>സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u> : 1 കോടി രൂപ (നോൺ പ്ലാൻ)

50. കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജ് ആശുപത്രിയിലെ ദിവസവേതന ജീവനക്കാരുടെ കുടിശ്ശിക ശമ്പളം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നിവ നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ <u>ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 2210-02-102-97-02-5—ദിവസവേതനം എന്ന ശീർഷകത്തിൽ 1.76 ലക്ഷം രൂപയും 2210-02-102-97-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-05-102-99—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

| | |
|---|---|
| 05-3—ടെലിഫോൺ ചെലവ് | : 95,000 രൂപ |
| 05-4—മറ്റിനങ്ങൾ | : 1.47 ലക്ഷം രൂപ |
| 12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും | : 2.6250 കോടി രൂപ |
| -21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | : 15,000 രൂപ |
| 34-3—മറ്റിനങ്ങൾ | : 1.05 ലക്ഷം രൂപ |

51. തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, കോളേജിലെ ടെലിഫോൺ ചാർജ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 2210-05-102-99-05-3—ടെലിഫോൺ ചാർജ് | : 55,000 രൂപ |
| 2210-05-102-99-05-4—മറ്റിനങ്ങൾ | : 53,000 രൂപ |
| 2210-05-102-99-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും | : 57.5 ലക്ഷം രൂപ |
| 2210-05-102-99-21-2—മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണി | : 25,000 രൂപ |
| 2210-05-102-99-34-3—മറ്റിനങ്ങൾ | : 1 ലക്ഷം രൂപ |

## സംസ്ഥാന ഔഷധ സസ്യബോർഡ്

2210-05-101-60-36—സംസ്ഥാന ഔഷധ സസ്യബോർഡ്-സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

52. ഔഷധ സസ്യബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ ജനപ്രിയ പദ്ധതികൾക്കായി നടപ്പുസാമ്പത്തികവർഷം അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഔഷധി

4210-04-190-98—കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) ഓഹരി മൂലധന വിഹിതം

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

53. പുതിയ ആയുഷ് ഫാർമ പാർക്ക് ഫാക്ടറി നിർമ്മാണത്തിനും കുട്ടനെല്ലൂർ ഫാക്ടറിയുടെ അനുബന്ധ വികസന പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ വികസന പ്രവർത്തനങ്ങൾക്കായി ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 120 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഹോംകോ

2210-02-195-99—കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി(ക്ലിപ്തം)യുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 75 ലക്ഷം രൂപ (പ്ലാൻ)

54. ഹോംകോയുടെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായ ഫാക്ടറി നിർമ്മാണം തുടങ്ങി വിവിധ പദ്ധതികൾക്കായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ബഡ്ജറ്റ് പ്രസംഗത്തിൽ ഹോംകോയുടെ വികസനത്തിനായി ആയിരം ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIX—കുടുംബക്ഷേമം

വോട്ട് ചെയ്യുന്നത് : 5,19,34,90,000 രൂപ

ചാർജ്ജ് ചെയ്യുന്നത് : 1,00,000 രൂപ

2211-00-101-95—സബ്സെന്ററുകൾ (കേന്ദ്രാവിഷ്കൃത പദ്ധതി 60:40)

ബഡ്ജറ്റ് വിഹിതം : 300 കോടി രൂപ (പ്ലാൻ)

55. സബ് സെന്ററുകളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങൾക്കുമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 200 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും**

വോട്ട് ചെയ്തത് : 13,94,54,59,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2215-02-105-99—ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങൾ

21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

56. ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങളിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്ക് നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ മേൽപ്പറഞ്ഞ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. കെ. ശൈലജ ടീച്ചർ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2019 മാർച്ച് 20.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.